**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1443** **12-02-2025 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി ബോർഡുകൾ നിലവിൽ നൽകുവാനുള്ള കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര തൊഴിലാളി ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഓരോ ബോർഡും ഗുണഭോക്താക്കൾക്ക് എത്ര തുക കുടിശിക നൽകാനുണ്ടെന്നും വ്യക്തമാക്കാമോ? | (എ) | സംസ്ഥാന തൊഴിൽ വകുപ്പിന്റെ കീഴിൽ 16 തൊഴിലാളി ക്ഷേമനിധി ബോർഡുകളാണ് പ്രവർത്തിക്കുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>തൊഴിൽ വകുപ്പിന്റെ അധികാര പരിധിക്കു പുറത്തു വരുന്ന മറ്റു ക്ഷേമനിധി ബോർഡുകളുടെ വിവരം ശേഖരിച്ചു വരുന്നു . |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### 1. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും തനത് ഫണ്ട് ഉപയോഗിച്ച് പെൻഷനടക്കമുള്ള ആനുകൂല്യങ്ങൾ മുടക്കം കൂടാതെ സമയബന്ധിതമായി വിതരണം നടത്തിവരുന്നു. ടി ഇനത്തിൽ കുടിശ്ശിക ഒന്നും നൽകാനില്ല.

### 2. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും വിതരണം ചെയ്യുന്നതിനായുള്ള വിവിധ ആനുകൂല്യങ്ങളുടെ കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| അധിവർഷാനുകൂല്യം | | വിവാഹ ധനസഹായം | | പ്രസവ ധനസഹായം | |
|---|---|---|---|---|---|
| ശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം | വിതരണത്തിനാവശ്യമായ തുക | ശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം | വിതരണത്തിനാവശ്യമായ തുക | ശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം | വിതരണത്തിനാവശ്യമായ തുക |
| 3,21,287 | 4,93,28,91,875 | 7,832 | 1,91,65,000 | 4,763 | 7,14,45,000 |

### 3. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും വിതരണം ചെയ്യുന്നതിനായുള്ള വിവിധ ആനുകൂല്യങ്ങളുടെ കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| പെൻഷൻ | 1,60,49,600(നവംബർ 2024) |
| | 1,61,05,600 (ഡിസംബർ 2024) |
| | 1,62,27,200 (ജനുവരി 2025) |
| പ്രസവ ധനസഹായം | 5,64,00,000 |

### 4. കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഗുണഭോക്താക്കൾക്ക് 1,79,81,400/- രൂപ കുടിശ്ശികയായി നൽകാനുണ്ട്.

### 5. കേരളാ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഗുണഭോക്താക്കൾക്ക് കുടിശ്ശിക ഇനത്തിൽ ഏകദേശം 1392 കോടി രൂപ നൽകാനുണ്ട്.

### 6. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ 2024 നവംബർ, ഡിസംബർ 2025 ജനുവരി എന്നീ ആകെ മൂന്ന് മാസത്തെ അംശദായ പെൻഷൻ കുടിശ്ശിക ഇനത്തിൽ 27,40,14,000/- രൂപയും, 2023 ഒക്ടോബർ മാസം മുതൽ 2024 ജനുവരി വരെയുള്ള നാല് മാസത്തേയും 2024 ജൂലൈ മുതൽ 2025 ജനുവരി മാസം വരെയുള്ള ഏഴ് മാസത്തെയും അവശത പെൻഷനാണ്

നിലവിൽ കുടിശ്ശികയായിട്ടുള്ളത്.  ടി ഇനത്തിൽ 2,28,80,000/- രൂപയും കുടിശ്ശിക ഗുണഭോക്താക്കൾക്ക് നൽകാനുണ്ട്.

**7. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2024 നവംബർ മുതൽ 2025 ജനുവരി വരെയുള്ള 3 മാസത്തെ പെൻഷൻ കുടിശ്ശികയാണ്.  മറ്റ് ആനുകൂല്യങ്ങളൊന്നും കുടിശ്ശിക ഇല്ല. കുടിശ്ശിക പെൻഷൻ നൽകുന്നതിന് 4,07,04,000/- രൂപ ആവശ്യമുണ്ട്.

**8. കേരള ഹെഡ് ലോഡ് വർക്കേഴ്സ്  വെൽഫെയർ ബോർഡ്**

**അൺ-അറ്റാച്ച്ഡ്**

കേരള ചുമട്ടുതൊഴിലാളി ക്ഷേമബോർഡ് അൺ-അറ്റാച്ച്ഡ് വിഭാഗം പെൻഷൻ ഗുണഭോക്താക്കൾക്ക് ബോർഡിന്റെ തനതു ഫണ്ടിൽ നിന്നും നാളിതുവരെ കുടിശികയില്ലാതെയാണ് പ്രതിമാസം പെൻഷൻ വിതരണം ചെയ്ത് വരുന്നത്.

**സ്കാറ്റേർഡ് വിഭാഗം**

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് സ്കാറ്റേർഡ് വിഭാഗം 4989 പെൻഷൻ ഗുണഭോക്താക്കൾക്ക് 2024 നവംബർ, ഡിസംബർ , 2025 ജനുവരി മാസങ്ങളിലെ പെൻഷൻ ഇനത്തിൽ 2,39,29,200/- രൂപ വിതരണം ചെയ്യേണ്ടതുണ്ട് .

**9. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിന് 2024 നവംബർ മാസം മുതലുള്ള പെൻഷൻ തുക വിതരണം ചെയ്യാനുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- 2024 നവംബർ - 1932800/- രൂപ
- 2024 ഡിസംബർ - 1953600/- രൂപ
- 2025 ജനുവരി - 1987200/- രൂപ

61 ഗുണഭോക്താക്കൾക്ക് 3,75,500/- രൂപ ആനുകൂല്യ ഇനത്തിൽ വിതരണം ചെയ്യാനുണ്ട്.

**10. കേരള ലേബർ വെൽഫെയർ ഫണ്ട്  ബോർഡ്**

കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾ വിവിധ ആനുകൂല്യങ്ങൾക്കായി ഓൺലൈൻ മുഖേന സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് കൃത്യത ഉറപ്പു വരുത്തിയ ശേഷം പത്ത് ദിവസത്തിനുള്ളിൽ ആനുകൂല്യം വിതരണം നടത്തി വരുന്നുണ്ട്. അതുകൊണ്ടു തന്നെ ഗുണഭോക്താക്കൾക്ക് അനുവദിക്കുന്ന ആനുകൂല്യവിതരണത്തിൽ കുടിശ്ശിക വരുന്നില്ല. വിദ്യാഭ്യാസ ആനുകൂല്യത്തിനായി 2024-2025 സാമ്പത്തിക വർഷം ലഭിച്ച അപേക്ഷകൾ സബ്കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ച ശേഷം 2025 മാർച്ചിനു മുമ്പായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## 11. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങളായ ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യങ്ങൾ കുടിശ്ശിക ഇല്ലാതെ നൽകിവരുന്നു.

## 12. കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ ഗുണഭോക്താക്കൾക്ക് നിലവിൽ കുടിശ്ശികയൊന്നും നൽകാനില്ല.

## 13. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും സർക്കാർ ധനസഹായം മുഖേന 2024 ഒക്ടോബർ മാസം വരെയുള്ള പെൻഷൻ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പെൻഷൻ കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- 2024 നവംബർ മാസം 953 ഗുണഭോക്താക്കൾക്ക് 15,24,800/- രൂപ പെൻഷൻ നൽകുവാനുണ്ട്.
- 2024 ഡിസംബർ മാസം 965 ഗുണഭോക്താക്കൾക്ക് 15,44,000/- രൂപ പെൻഷൻ നൽകുവാനുണ്ട്.
- 2024 ജനുവരി മാസം 976 ഗുണഭോക്താക്കൾക്ക് 15,61,600/- രൂപ പെൻഷൻ നൽകുവാനുണ്ട്.

മറ്റ് ക്ഷേമനിധി ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്തുവരുന്നു.

## 14. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും വിതരണം ചെയ്യുന്ന ആനുകൂല്യങ്ങളിൽ കുടിശ്ശിക ഒന്നുംതന്നെ ഇല്ല. അധിക പ്രസവ ധനസഹായ ഇനത്തിൽ ജൂൺ 2021 മുതൽ 31/01/2025 വരെ 5934 ഗുണഭോക്താക്കൾക്ക് 7,71,42,000/- രൂപ വിതരണം ചെയ്യാൻ ശേഷിക്കുന്നുണ്ട്.

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സർക്കാർ ധനസഹായത്തോടെ വിതരണം ചെയ്തുവരുന്ന പെൻഷൻ 2024 ഒക്ടോബർ മാസം വരെ പൂർത്തീകരിച്ചിട്ടുണ്ട്. 2024 നവംബർ മുതൽ 2025 ജനുവരി വരെ 3 മാസത്തെ കുടിശ്ശിക പെൻഷൻ തുകയായ 49,34,59,200/- രൂപ വിതരണം ചെയ്യുവാൻ ശേഷിക്കുന്നുണ്ട്.

## 15. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും തൊഴിലാളികൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്തുവരുന്നു.

## 16. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ്

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡിൽ സർക്കാർ ധനസഹായത്തോടെ വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ ഇനത്തിൽ 2024 നവംബർ, ഡിസംബർ മാസങ്ങളിലായി 5,69,12,000/- രൂപ പെൻഷൻ ഗുണഭോക്താക്കൾക്ക് കുടിശ്ശികയായി നൽകാനുണ്ട്.